**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1197** **30-06-2026-ൽ മറുപടിയ്ക്ക്**

**മാംഗോ ഹബ് വികസന പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** നെന്മാറ മണ്ഡലത്തിലെ മുതലമടയിൽ നടപ്പിലാക്കുന്ന മാംഗോ ഹബ് വികസന പദ്ധതിയുടെ വിശദാംശവും ഇതിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

**മറുപടി:** നെന്മാറ നിയോജക മണ്ഡലത്തിൽ മാവു കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികളിൽ "എ പൈലറ്റ് പ്രൊജക്റ്റ് ഫോർ മംഗോ കൾടിവേഷൻ" എന്ന പദ്ധതിയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളം മുഖാന്തിരം 2018-19 ൽ നടപ്പിലാക്കിയത്. രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി 275 ലക്ഷംരൂപ അനുവദിച്ചിട്ടുള്ള ഈ പദ്ധതിയിലൂടെ വിളവിസ്തൃതി വ്യാപനം, തോട്ടങ്ങളുടെ പുനരുദ്ധാരണം, യന്ത്രവത്കരണം, മണ്ണിര കമ്പോസ്റ്റ് നിർമാണം, സംയോജിത രോഗ കീട നിയന്ത്രണം, ജലസ്രോതസ്സുകളുടെ നിർമാണം, മാതൃക പ്രദർശനത്തോട്ടം, തേനീച്ച വളർത്തൽ, പാക്ക് ഹൗസുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 4 പഞ്ചായത്തുകളിൽ (മുതലമട, കൊല്ലങ്കോട്, പട്ടഞ്ചേരി, എലവഞ്ചേരി) 9 ഘടകങ്ങളിലായി 236.65877 ലക്ഷം രൂപയാണ് നാളിതുവരെ കർഷകർക്ക് നൽകിയിട്ടുള്ളത്.

**(ബി)** പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിലൂടെ പ്രദേശത്തെ കർഷകർക്ക് ഉണ്ടാകുന്ന നേട്ടങ്ങളും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കാമോ?

**മറുപടി:** ഉൽപാദനക്ഷമത വർധിപ്പിക്കൽ, പ്രദേശത്തെ കർഷകരുടെ വരുമാനം വർധിപ്പിക്കൽ എന്നീ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി നിർവഹണം പൂർത്തീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**